കാലിക്കറ്റ് സർവ്വകലാശാല
ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

പത്രക്കുറിപ്പ്

എം.എഡ്. പ്രവേശനം – 2024

2024–2025 അധ്യായന വർഷത്തേക്കുള്ള എം.എഡ്. പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി അപേക്ഷിച്ച വിദ്യാർത്ഥികളുടെ വെയിറ്റിംങ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് ലോഗിൻ വഴി 26.10.2024 വരെ റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്.

മെറിറ്റടിസ്ഥാനത്തിൽ പഠനവകുപ്പ്/കോളേജുകൾ ഒഴിവുള്ള സീറ്റുകളിലേക്ക് നേരിട്ട് പ്രവേശനം നടത്തുന്നതാണ്. വിദ്യാർത്ഥികൾ 06.11.2024 നുള്ളിൽ കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് ലോഗിൻ വഴി മാന്റേറ്ററി ഫീസ് അടക്കുന്നതിനും അപ്ലിക്കേഷൻ പ്രിന്റൗട്ട് എടുക്കുന്നതിനുമുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

നിലവിൽ ഏതെങ്കിലും കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ റാങ്ക് ലിസ്റ്റ് മുഖാന്തരം പുതിയ കോളേജിൽ പ്രവേശനം ലഭിച്ചാൽ പ്രവേശനം ഉറപ്പാക്കിയതിനുശേഷം മാത്രമേ ടി.സി. വാങ്ങാൻ പാടുള്ളൂ.

ഇതുവരെ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികൾക്ക് ലെയ്റ്റ് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള സൗകര്യം https://admission.uoc.ac.in എന്ന വെബ്സൈറ്റിൽ 28.10.2024 മുതൽ ലഭ്യമാവും. വിദ്യാർത്ഥികൾ പഠനവകുപ്പ്/കോളേജുകളുമായി ബന്ധപ്പെട്ട് ഒഴിവ് വിവരങ്ങൾ ഉറപ്പാക്കിയശേഷം മാത്രം അപേക്ഷ പൂർത്തിയാക്കേണ്ടതാണ്. മുമ്പ് രജിസ്റ്റർ ചെയ്തവരുടെ അഭാവത്തിൽ മാത്രമേ ലേറ്റ് രജിസ്ട്രേഷൻ ചെയ്തവരെ മെറിറ്റ് സീറ്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ.

ഫോൺ : 0494 2407016, 2660600, 2407017.

(ഒപ്പ്)
ഡയറക്ടർ

C.U. Campus
22.10.2024

To

പബ്ലിക് റിലേഷൻസ് ഓഫീസർ (14 ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)